

വട്ടപ്പലം

# സഹനപുത്രിക്കു സമാശ്വാസമായി ചാവറയച്ചൻ

**കേ**രള സഭാരാമത്തിൽ വിരിഞ്ഞ രണ്ടു സുകൃതമലരുകളാണ് വാഴ്ത്തപ്പെട്ടവരായ ചാവറയച്ചനും അൽഫോൻസാമ്മയും. ഒരേ നാൾ, ഒരേ വേദിയിൽ, ഒരേ നാവുകൊണ്ട് പുണ്യാത്മാക്കളുടെ ഗണത്തിലേക്ക് പേര്ചൊല്ലിവിളിക്കപ്പെട്ടവർ.

ചാവറയച്ചൻ സമർപ്പണത്തിന്റെ വഴിയിലൂടെ വിശുദ്ധിയിലേക്ക് നടന്നു. കയറിയപ്പോൾ, അൽഫോൻസാമ്മയാകട്ടെ സഹനത്തിന്റെ മാർഗത്തിലൂടെയായിരുന്നു തന്റെ ജീവിതയാത്ര. ചാവറയച്ചൻ സമ്പൂർണ സമർപ്പണത്തിലൂടെ സംതൃപ്തി തേടിയപ്പോൾ അൽഫോൻസാമ്മ തന്റെയും സഹജീവികളുടെയും വേദന സ്വന്തം ആത്മാവിൽ ഏറ്റുവാങ്ങി സഹനത്തിന്റെ തോൽക്കുടങ്ങളിലാക്കി മധുരീകരിക്കുകയായിരുന്നു.

ചാവറയച്ചന്റെ ജീവിത വിശുദ്ധിയെക്കുറിച്ച് കേട്ടറിവു മാത്രമേ അൽഫോൻസാമ്മയ്ക്കുണ്ടായിരുന്നുള്ളൂ. എന്നിട്ടും ആ പുണ്യജീവിതത്തിൽ ആകൃഷ്ടയായിരുന്നു അവർ. ചാവറയച്ചനോടു പ്രാർഥിച്ചാൽ രോഗശമനവും ആശ്വാസവും ലഭിക്കുമെന്ന് കന്യാസ്ത്രീമാരും ഗുരുത്തിയമ്മയും അവരോടു പറഞ്ഞിരുന്നു. അതുകൊണ്ടു തന്നെ അദ്ദേഹത്തിന്റെ



അൽഫോൻസാമ്മയ്ക്കു മുന്നിൽ ചാവറയച്ചൻ പ്രത്യക്ഷപ്പെട്ടത് ചിത്രകാരന്റെ ഭാവനയിൽ

നൊവേന അൽഫോൻസാമ്മ മുടങ്ങാതെ ചൊല്ലുമായിരുന്നു.

രോഗശയ്യയിലായിരിക്കുമ്പോൾ രണ്ടു തവണ ചാവറയച്ചൻ അൽഫോൻസാമ്മയ്ക്കു പ്രത്യക്ഷപ്പെട്ടിട്ടുള്ളതായി അവരുടെ ജീവചരിത്രത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഒന്ന് നൊവിഷ്യറ്റ് സമയത്തും രണ്ടാമത് കന്യാസ്ത്രീ ആയതിനുശേഷവും.

ജീവിതത്തിൽ മുക്കാൽ പങ്കും രോഗശയ്യയിലായിരുന്നു അൽഫോൻസാമ്മ. അസഹ്യമായ വേദനയിൽ ചാവറയച്ചനോടുള്ള പ്രാർഥനയായിരുന്നു അവർക്കാശ്വാസം.

ചങ്ങനാശേരിയിൽ നൊവിഷ്യറ്റിലായിരിക്കുമ്പോൾ അൽഫോൻസാമ്മയ്ക്കു രക്തസ്രാവം പിടിപെട്ടു. വായിലൂടെയും മൂക്കിലൂടെയും രക്തം ഒഴുകുന്ന അവസ്ഥ. ആ സമയത്ത് കാലിൽ ഒരു വ്രണവും പഴുത്തുപൊട്ടി. അതോടെ അവർ അവശയായി. ചികിത്സകളൊന്നും ഫലിക്കാതെ വന്നപ്പോൾ അവരെ ഭരണങ്ങാനത്തേയ്ക്കു തന്നെ തിരിച്ചയ്ക്കാൻ അധികൃതർ തീരുമാനിച്ചു. എന്നാൽ അന്നത്തെ ബിഷപ് മാർ ജയിംസ് കാളാശേരി അതിനു സമ്മതിച്ചില്ല. അവർ ഭരണങ്ങാനത്തിനു വിടേണ്ട. അവർ 'അൽഫോൻസയെ ഭരണങ്ങാനത്തിനു വിടേണ്ട. അവർ ഇവിടെത്തന്നെ കിടന്നു മരിക്കുന്നെങ്കിൽ മരിച്ചുകൊള്ളട്ടെ.' എന്നായിരുന്നു അദ്ദേഹത്തിന്റെ നിർദ്ദേശം.

എട്ടുമാസമായി തന്നെ പീഡിപ്പിക്കുന്ന രോഗം. ആശ്വാസവും സഹിക്കാനുള്ള ശക്തിയും തരണമേയെന്ന് അവർ ചാവറയച്ചനോടു പ്രാർഥിച്ചു. നവനാൾ പ്രാർഥനയുടെ ഒമ്പതാം നാൾ രാത്രിയിൽ ഏലിയാസച്ചൻ അവർക്കു പ്രത്യക്ഷനായി. 'ഈ ദീനം സുഖമായിരിക്കുന്നു. ഇനിമേൽ ഈ രോഗം നിനക്കുണ്ടായിരിക്കില്ല. എങ്കിലും നീ മറ്റു പല രോഗങ്ങളാൽ പീഡിപ്പിക്കപ്പെടും' ഇതു പറഞ്ഞ് അദ്ദേഹം അപ്രത്യക്ഷനായി.

പിറ്റേന്ന് അൽഫോൻസയുടെ അസുഖം മാറിയതായും കാലിലെ വ്രണം പൂർണമായും സുഖപ്പെട്ടതായും ഫാ.റോമുളൂസ് സി.എം.ഐ തയാറാക്കിയ അൽഫോൻസാമ്മയുടെ ജീവചരിത്രത്തിൽ പറയുന്നു.

മറ്റൊരവസരത്തിൽ കൂടി ഏലിയാസച്ചൻ തനിക്കു പ്രത്യക്ഷപ്പെട്ടതായി അൽഫോൻസാമ്മ പറഞ്ഞിട്ടുണ്ട്. അസഹ്യമായ രോഗാവസ്ഥയിലായിരുന്നു അതും.

വിട്ടുമാറാത്ത പനി, രണ്ടുമാസത്തോളം 105 ഡിഗ്രിയിൽ തുടരുകയായിരുന്നു പനി. ചികിത്സകളൊന്നും ഫലിക്കാത്ത അവസ്ഥ.

അസുഖം വർധിച്ചതോടെ ചുമച്ച് ചോരതുപ്പാൻ തുടങ്ങി. അതോടെ രോഗം ക്ഷയമായിരിക്കാമെന്ന് ഡോക്ടർമാർ അഭിപ്രായപ്പെട്ടു. അതോടെ രോഗിയെ സമൂഹത്തിൽ നിന്ന് മാറ്റി പാർപ്പിക്കണമെന്ന് നിർദ്ദേശം വന്നു. അതു അൽഫോൻസാമ്മയെ വല്ലാതെ വേദനിപ്പിച്ചു.

പിറ്റേന്ന് അമ്മ ഗുരുനാഥയെ വിളിച്ചു പറഞ്ഞു. 'ഇന്നേക്ക് ഒൻപതാം നാൾ എന്റെ പനിമാറിയില്ലെങ്കിൽ എന്നെ മാറ്റി പാർപ്പിച്ചു കൊള്ളൂ' എന്ന്.

തൊട്ടടുത്ത മുറിയിൽ താമസിക്കുന്ന സിസ്റ്റർ സെലീനോടൊപ്പം അൽഫോൻസാമ്മ ചാവറയച്ചനോടുള്ള നവനാൾ പ്രാർഥന തുടങ്ങി. എട്ടാം ദിവസം രാത്രിയിൽ പനി അളന്നു നോക്കി.105 ഡിഗ്രി. ഒൻപതാം ദിവസം രാവിലെ സിസ്റ്റർ സെലീന പനി വീണ്ടും അളന്നു. ആശ്ചര്യം ! അൽഫോൻസാമ്മയുടെ പനി നിശേഷം വിട്ടുമാറിയിരിക്കുന്നു.

'രാത്രിയിൽ ഏലിയാസച്ചൻ വന്ന് എന്റെ കൈക്കു പിടിച്ച് എഴുന്നേൽപ്പിച്ചു. അടുത്തു കാവൽകിടന്ന വേലക്കാരിയുടെ കിടക്കയ്ക്കു ചുറ്റും മൂന്നു പ്രാവശ്യം എന്നെ നടത്തിച്ചു', തന്റെ രോഗശാന്തിയെയും ഏലിയാസച്ചന്റെ ദർശനത്തെയും കുറിച്ച് അൽഫോൻസാമ്മ പറയുന്നു.

പിന്നീട് തന്നെ സന്ദർശിക്കാനെത്തുന്നവരോടൊക്കെ ചാവറയച്ചനെക്കുറിച്ചും അദ്ദേഹത്തിന്റെ നവനാൾ പ്രാർഥന ചൊല്ലിയാൽ ലഭിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ചും അൽഫോൻസാമ്മ പറയുമായിരുന്നു.

# ഉത്തമ കുടുംബം

നല്ല ക്രിസ്ത്യാനിക്കുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമാകുന്നു. കുടുംബത്തിന്റെ ന്യായം എന്തെന്നാൽ, ചോരയാലും സ്നേഹത്താലും തമ്മിൽത്തമ്മിൽ കെട്ടപ്പെട്ട പല ആളുകൾ കാരണവന്മാരുടെനേരെ ആചാരവും കീഴ്വഴക്കവും അനുസരിച്ച് തമ്പുരാനോടും മനുഷ്യരോടും സമാധാനമായി നടക്കയും, അവരവരുടെ അന്തസിനു തക്കതിൻവണ്ണം നിത്യഗതിയെ പ്രാപിക്കുന്നതിനു പ്രയത്നം ചെയ്തു കൂട്ടമായി ജീവിക്കുകയും ചെയ്യുന്നതാകുന്നു. ദുഖങ്ങളുടെ സ്ഥലമായിരിക്കുന്ന ഈ ലോകത്തിൽ ഓരോരോ ഞെരുക്കങ്ങളിലും സങ്കടങ്ങളിലും ഏറ്റം മധുരിക്കപ്പെട്ട ആശ്വാസവും സമാധാനവും ഉപവിയും ക്രമവുമുള്ള ഒരു കുടുംബത്തിൽ ജീവിക്കുന്നതാകുന്നു.

അപ്രകാരംതന്നെ ക്രമവും സമാധാനവും ഇല്ലാതെയും ദൈവശുശ്രൂഷയിന്മേലും നിത്യരക്ഷയിന്മേലും ഒരു വിചാരവും ഇല്ലാതെയും നടക്കുന്ന ഒരു കുടുംബത്തിൽ ജീവിക്കുന്നത് ഏറ്റം വലിയ സങ്കടമാകുന്നു.

ഇപ്രകാരം ക്രമമില്ലാത്ത കുടുംബങ്ങൾ എത്രയോ സങ്കടങ്ങൾക്കും കണ്ണുനീരുകൾക്കും കാരണമായിരിക്കുന്നു. ഇതുനിമിത്തം കീർത്തിപ്പെട്ടതും ബഹുമാനമുള്ളതും ദ്രവ്യമുള്ളതുമായ എത്രയോ കുടുംബങ്ങൾ നശിച്ചു പോയിരിക്കുന്നു. ഇതിൽ നിന്ന് എത്രയോ വഴക്കുകളും എത്രയോ പാപങ്ങളും എത്രയോ നാശങ്ങളും എത്രയോ മരണങ്ങളും ഉണ്ടായിരിക്കുന്നു.

ഇതിൻവണ്ണമുള്ള തിന്മകളും നാശങ്ങളും വരുന്നതിന് ഇടവരാതിരിപ്പാൻ എനിക്കുണ്ടായിരിക്കുന്ന അതിയായ ആഗ്രഹത്തെക്കുറിച്ചു ഞാൻ ദൈവവെളിവും സമാധാനവും അപേക്ഷിച്ചുകൊണ്ട് ഈ കുടുംബക്രമം അഥവാ ചട്ടം എഴുതിയുണ്ടാക്കി. ഇതിനെ നിങ്ങളുടെ പൂർവകാരണവന്മാരുടെ വായിൽ നിന്നും പുറപ്പെട്ട ഗുണദോഷം പോലെ കൈക്കൊണ്ടു സൂക്ഷമായിട്ട് അനുസരിക്കുകയും അനുസരിപ്പിക്കുകയും ചെയ്യണമെന്ന് ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. (ചാവറയച്ചൻ, *ഒരു നല്ല അപ്പന്റെ ചാവരുൾ*)